(സി) രജിസ്ട്രേഷൻ വകുപ്പിൽ സൂപ്പർ ന്യൂമററി തസ്തികകളായി ഐ.ജി. നിശ്ചയിച്ച് ഉത്തരവിറക്കിയ തസ്തികകൾ എത്രയെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ :

(ഡി) ഈ വകുപ്പിൽ നിന്നും ജീവനക്കാരെ കള്ള് ചെത്ത് ക്ഷേമനിധി ബോർഡിലേക്കും ഹൈക്കോടതിയിലേക്കും പുനർവിന്യസിച്ച നടപടി റദ്ദാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) (അനുബന്ധമായി കൊടുത്തിട്ടുണ്ട്)*

(സി) സർക്കാർ തീരുമാനത്തിന്റെ വെളിച്ചത്തിൽ സൂപ്പർ ന്യൂമററി തസ്തികകളായി ഐ.ജി. നിശ്ചയിച്ച് ഉത്തരവാക്കിയ തസ്തികകൾ :

യു.ഡി.ക്ലാർക്ക്	-	96
എൽ.ഡി.ക്ലാർക്ക്	-	93
ശിപായി	-	87

(ഡി) കള്ള് ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കും ഹൈക്കോടതിയിലേക്കും ഈ വകുപ്പിൽ നിന്നും ജീവനക്കാരെ പുനർ വിന്യസിച്ചിട്ടില്ല.

ഗ്രാമവികസന പദ്ധതികൾ

127 (3336) ശ്രീ. കൊവൂർ കുഞ്ഞുമോൻ :
ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ ഗ്രാമവികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് :

(ബി) 2004-05 സാമ്പത്തിക വർഷം ഈ പദ്ധതികളിൽ എത്ര രൂപാ ചെലവിട്ടുവെന്ന് വെളിപ്പെടുത്തുമോ :

(സി) ഓരോ പദ്ധതിക്കും ചെലവാക്കുന്ന തുക ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന ഗ്രാമ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സമ്പൂർണ്ണ ജലശ്രീ ഗ്രാമീണ റോസ്ഗാർ യോജന (എസ്ജിഎസ്വൈ)
2. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)
3. ഇന്ദിര ആവാസ് യോജന (ഐ.എ.വൈ)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

4. പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന (പിഎംജിഎസ്‌വൈ)
5. സമ്പൂർണ്ണ ശുചിത്വ പരിപാടി
6. സംയോജിത തരിശുഭൂമി വികസന പരിപാടി (ഐഡബ്ല്യുഡിപി)/ ഹരിയാലി.
7. നാഷണൽ ഫുഡ് ഫോർ വർക്ക് (NFFWP)
8. ആർ.ഐ.ഡി.എഫ്. (ഗ്രാമീണ റോഡുകൾ)

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

സ്വയം സഹായ ഗ്രൂപ്പുകൾവഴി നടത്തിവരുന്ന പ്രവർത്തനങ്ങൾ

128 (3337) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വയം സഹായ ഗ്രൂപ്പുകൾവഴി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) അതെ എത്ര ഗ്രൂപ്പുകൾ നിലവിലുണ്ട് ; അംഗങ്ങളായി ചേർന്നിട്ടുള്ളവരുടെ എണ്ണം എത്ര ;

(സി) ശേഖരിച്ചിട്ടുള്ള നിക്ഷേപവും അംഗങ്ങൾക്കുകൊടുത്തിട്ടുള്ള വായ്പയും എത്രയാണ് ;

(ഡി) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദവിവരം അറിയിക്കുമോ ;

(ഇ) പുരുഷൻമാർക്കായി സ്വയം സഹായ ഗ്രൂപ്പുകൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പിന്റെ സ്വയം സഹായ സംഘങ്ങൾ വഴി നടത്തിവരുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ് :

1. സംഘത്തിന്റെ യോഗം അടിക്കടി ചേർന്ന് അംഗങ്ങൾക്കിടയിൽ ഐക്യം വളർത്തുകയും അംഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും അപഗ്രഥിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുക. വിവിധ സർക്കാർ ഏജൻസികളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന വിവിധങ്ങളായ ആനുകൂല്യങ്ങളെ സംബന്ധിച്ചും പദ്ധതികളെ സംബന്ധിച്ചും അവബോധം വളർത്തുക.
2. ഗ്രാമസഭകളിൽ പങ്കെടുത്തു വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.

LIBRARY ARCHIVES Kerala Legislative Assembly